# കേരള കലാമണ്ഡലം കല്പിതസർവകലാശാല

വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല.
ഫോൺ : 04884-262418, 262562, 263440, ഫാക്സ് : 04884-262019

---

## കഥകളി നൂററങ്ങ് പദ്ധതി

### <u>പ്രവർത്തന രേഖ</u>

സ്ഥാപകന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി കഥകളിയുടെ പോഷണവും പ്രചാരണവും ലക്ഷ്യമാക്കി കലാമണ്ഡലം നടപ്പാക്കുന്ന ഈ പദ്ധതിയുടെ പേര് **'കഥകളി നൂററങ്ങ് പദ്ധതി'** എന്നായിരിക്കും. 2008 ജൂൺ 1-ാം തീയതി ആരംഭിച്ച് ഡിസംബർ 31-ന് അവസാനിക്കുന്ന തരത്തിലാണ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

**ലക്ഷ്യം**

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ ആസ്വാദന കോഴ്സുകളും രംഗാവതരണങ്ങളും സംഘടിപ്പിച്ച് കഥകളിക്ക് നവ്യമായൊരു ഭാവമണ്ഡലം സൃഷ്ടിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. പുതിയ ആസ്വാദകരെ സൃഷ്ടിക്കുന്നതിനും ഉള്ള ആസ്വാദകരുടെ സംവേദനശീലം സൂക്ഷ്മമാക്കുന്നതിനും വേി 12 മണിക്കൂർ ദൈർഘ്യമുള്ള നൂറുകോഴ്സുകൾ നടത്തുന്നതാണ്. പ്രത്യേകസാഹചര്യങ്ങളിൽ മൂന്ന് ദിവസം നീുനിൽക്കുന്ന ക്യാമ്പുകളും നടത്തുന്നതാണ്. കലാമണ്ഡലത്തിൽ കഥകളി അഭ്യസിക്കുന്ന സീനിയർ വിദ്യാർത്ഥികൾക്കും പുറത്തുള്ള യുവകലാകാരന്മാർക്കും രംഗപരിചയത്തിനുള്ള അവസരങ്ങൾ നൽകി അഭിനയത്തിന് തെളിമ നൽകുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

**പ്രവർത്തനരീതി**

പദ്ധതിയുടെ നയരൂപീകരണത്തിനും പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനുമായി താഴെ പറയുന്ന സമിതികൾ ഉായിരിക്കുന്നതാണ്.

1. **ഉപദേശക സമിതി**

   കലാമണ്ഡലം രാമൻകുട്ടി നായർ
   കലാമണ്ഡലം ഗോപി
   കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട്

2. **നിർവാഹക സമിതി**

   വൈസ് ചാൻസലർ (ചെയർമാൻ)
   രജിസ്ട്രാർ (സെക്രട്ടറി)
   ശശി (കോ-ഓർഡിനേറ്റർ)
   എം.പി.എസ്. നമ്പൂതിരി
   കലാമണ്ഡലം രാജശേഖരൻ
   കലാമണ്ഡലം ബാലസുബ്രഹ്മണ്യൻ
   കലാമണ്ഡലം ഉണ്ണികൃഷ്ണൻ
   കെ.ബി. രാജാനന്ദ്
   എ.എൻ. കൃഷ്ണൻ
   സീനിയർ കഥകളി വിദ്യാർഥികൾ ക്ഷണിതാക്കൾ ആയിരിക്കുന്നതാണ്.

പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളിൽ സംഘാടകസമിതികൾ രൂപീകരിച്ച് നിർവാഹക സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തനം കാര്യക്ഷമമായി നിർവഹിക്കേണ്ടതാണ്. തദ്ദേശീയസമിതികൾ പരിപാടി നടത്താൻ ഉദ്ദേശിക്കുന്ന തിയതിക്ക് ചുരുങ്ങിയത് ഒരുമാസം മുൻപ് കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടേണ്ടതാണ്.

കഥകളിയെ അടുത്തറിയാൻ ആഗ്രഹിക്കുന്ന മുപ്പത് അംഗങ്ങളെ ഓരോ പ്രാദേശിക സമിതിയും തെരഞ്ഞെടുക്കുകയും അവരുടെ വിശദാംശങ്ങൾ അപേക്ഷയോടൊപ്പം നൽകുകയും വേണം. താത്പര്യമുള്ള ആർക്കും ഇത്തരത്തിൽ ഡലിഗേറ്റ് ആകാം. ഉയർന്ന പ്രായപരിധി ഇല്ല. ചുരുങ്ങിയ പ്രായം 16 വയസ്സ്. ആസ്വാദന ക്ലാസ്സുകളും രംഗാവതരണവും മുഖ്യമായും ഇവർക്ക് വേണ്ടിയാണ് നടത്തുന്നത്. ക്ലാസ്സിന്റെ അവസാനം ഒരു ചോദ്യാവലി നൽകുന്നതാണ്. 70%-ൽ അധികം ശരിയുത്തരം നൽകുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. കലാമണ്ഡലത്തിന്റെ ആസ്വാദകസംഘമായി ഇവരെ കണക്കാക്കുന്നതും ഭാവിപ്രവർത്തനങ്ങളിൽ അവർക്ക് ക്രിയാത്മകമായ സഹകരണത്തിന് അവസരങ്ങൾ ഉണ്ടാക്കുന്നതുമാണ്. ഇത്തരത്തിലുള്ള 3,000 ആസ്വാദകരെ സൃഷ്ടിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പൊതുജനങ്ങൾക്കും ക്ലാസ്സുകളിൽ പ്രവേശനം ഉണ്ടായിരിക്കുന്നതാണ്. മുൻഗണന ഡെലിഗേറ്റുകളായി പങ്കെടുക്കുന്നവർക്കായിരിക്കും.

**കാര്യക്രമം**

12 മണിക്കൂറുള്ള ഏകദിന കോഴ്സുകളുടെ രാവിലെ മുതലുള്ള കാര്യക്രമം താഴെ കൊടുക്കുന്നു. ത്രിദിന ക്യാമ്പുകളുടെ ഉള്ളടക്കം അതത് സമിതികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

| | |
|---|---|
| 9.00 | ആസ്വാദകാംഗങ്ങളെ പരിചയപ്പെടൽ |
| 9.30 | ഉദ്ഘാടനസമ്മേളനം |
| 10.30 | ആസ്വാദകകോഴ്സ് - ഒന്നാം ഘട്ടം, ഡെമോൺസ്ട്രേഷൻ |
| 1.00 | ഉച്ചഭക്ഷണം |
| 2.00 | കോഴ്സ് തുടർച്ച |
| 4.00 | സംവാദം |
| 5.00 | സംശയനിവാരണം |
| 6.00 | ചോദ്യാവലി വിതരണം |
| 7.00 | രംഗാവതരണം |
| 9.00 | സമാപനം |

ഉദ്ഘാടന സമ്മേളനത്തിന് കലാസാംസ്കാരികരാഷ്ട്രീയ രംഗങ്ങളിൽ പ്രമുഖരായവരെ ക്ഷണിക്കേണ്ടതാണ്. അതത് പ്രദേശത്തുള്ള മൺമറഞ്ഞ പ്രമുഖകലാകാരന്മാരെ യോഗത്തിൽ അനുസ്മരിക്കുന്നതും ജീവിച്ചിരിക്കുന്ന കലാകാരന്മാരെ ആദരിക്കുന്നതുമാണ്. കഥകളികലാകാരന്മാരെ മാത്രമല്ല, എല്ലാരംഗത്തും പ്രവർത്തിക്കുന്നവരെ ഇതിൽ ഉൾപ്പെടുത്തണം. തദ്ദേശീയമായ, സഫലമായ ഒരു സാംസ്കാരിക പ്രവർത്തനത്തിനുള്ള ഇടമായി അരങ്ങുകൾ മാറണം. താഴെപറയുന്ന പത്തു കഥകളിൽ നിന്ന് അവതരണത്തിനുള്ള കഥ സംഘാടകസമിതിക്ക് തെരഞ്ഞെടുക്കാവുന്നതാണ്.

സമ്മേളനത്തിനുള്ള വേദി, മൈക്ക്-ലൈറ്റ് തുടങ്ങിയ സജ്ജീകരണങ്ങളും കലാകാരന്മാർക്കും ഡെലിഗേറ്റുകൾക്കുമുള്ള ഭക്ഷണവും സംഘാടക സമിതി നൽകേണ്ടതാണ്. കലാമണ്ഡലത്തിൽ നിന്നുള്ള വാഹനച്ചെലവും സമിതി വഹിക്കേണ്ടതാണ്. കലാകാരന്മാരുടേയും രംഗാവതരണത്തിന്റെയും മുഴുവൻ ചിലവുകളും കലാമണ്ഡലം വഹിക്കും. ഒരു പരിപാടിക്കുള്ള കലാമണ്ഡലം വിഹിതം 5,000/- രൂപയിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്.

എല്ലാവർക്കും പ്രവർത്തനസ്വാതന്ത്ര്യമുള്ള സ്വതന്ത്രവേദികളാണ് പരിപാടി നടത്താൻ തെരഞ്ഞെടുക്കേ ത്. ഹയർ സെക്കറി/കോളേജ്/യൂണിവേഴ്സിറ്റി തലങ്ങളിലുള്ള വിദ്യാലയങ്ങൾക്കും വായനശാല. ക്ലബ്ബുകൾ തുടങ്ങിയ പൊതു സ്ഥാപനങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്. കഥകളി പരിവായി അവതരിപ്പിക്കുന്ന വേദികളേക്കാൾ പുതിയ മണ്ഡലങ്ങൾക്കാണ് മുൻഗണന നൽകേത്.

**പരിശീലനക്യാമ്പ്**

കഥകൾ ചിട്ടപ്പെടുത്തുന്നതിനും കോഴ്സിന്റെ ഉള്ളടക്കം നിർണ്ണയിക്കുന്നതിനുമായി കലാകാരന്മാരുടെ ഒരാഴ്ച നീുനിൽക്കുന്ന ക്യാമ്പ് മേയ് മാസത്തിൽ കലാമണ്ഡലത്തിൽ നടത്തുന്നതാണ്. ഈ ക്യാമ്പിലെ അംഗങ്ങളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

**സമർപ്പണം**

കലാമണ്ഡലത്തിലെ കളരി പരിശീലനത്തിന്റെ ശുദ്ധിയും തനിമയും നിലനിർത്തുന്നതിന് ജീവിതകാലമത്രയും യത്നിച്ച ശ്രീ. കലാമണ്ഡലം പദ്മനാഭൻ നായർ ആശാൻ വേർപിരിഞ്ഞിട്ട് ഒരു വർഷം തികയുന്ന ഈ സന്ദർഭത്തിൽ കലാമണ്ഡലം നടപ്പിലാക്കുന്ന നൂററങ്ങ് പദ്ധതി അദ്ദേഹത്തിന്റെ സ്മരണയ്ക്കുള്ള അഞ്ജലിയായി സമർപ്പിക്കുന്നു.

പദ്ധതിയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന വിലാസത്തിലോ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

-----------------------